**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5358** **15-03-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവികൾ മൂലമുള്ള കൃഷിനാശം തടയുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികൾ മൂലമുള്ള കൃഷിനാശം തടയുന്നതിന് കൃഷി വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ; | (എ) | **വന്യജീവികൾ മൂലമുള്ള കൃഷിനാശം തടയുന്നതിന് കൃഷി വകുപ്പ് നിലവിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം അംഗങ്ങളായ കർഷകർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 ഇനം കാർഷിക വിളകൾക്ക് പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി വന്യമൃഗ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം കൃഷി വകുപ്പ് മുഖേന നൽകിവരുന്നു. കൂടാതെ വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം വന്യജീവി ആക്രമണം തടയുന്നതിന് പ്രതിരോധ മാർഗങ്ങൾക്കായി പ്രിൻസിപ്പൽ കൃഷി ഓഫീസർ സമർപ്പിക്കുന്ന പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷം ഇക്കാര്യത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നത് സർക്കാർ പരിഗണനയിലാണ്.** |
| (ബി) | ഇസ്രായേൽ മോഡലിൽ വെള്ളക്കെട്ടില്ലാത്ത നെൽകൃഷിയും ലവണാംശമുള്ള വെള്ളത്തിന് അനുയോജ്യമായ വിത്തിനങ്ങൾ വികസിപ്പിച്ചുള്ള കൃഷി രീതിയും പരീക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | **പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ